ശ്രീ. പാലോട് രവി അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പാലോട് രവി : സർ, ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചത് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായിരിക്കുകയാണ്. മാത്രമല്ല ഈ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടു ഈ സഭയിൽ ഒരു ബിൽ കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പശ്ചാത്തലത്തിൽ ഞാൻ എന്റെ സ്വകാര്യ ബിൽ പിൻവലിക്കുകയാണ്.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 1997-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് (രജിസ്ട്രേഷനും ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ ഗുണം മനസ്സിലായല്ലോ. ശ്രീ. ബാലൻ വൈദ്യർക്കും മനസ്സിലായല്ലോ, മറിച്ചുള്ള അനുഭവങ്ങളും ഉണ്ടാകാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : വൈദ്യർ പറഞ്ഞതിൽ തെറ്റൊന്നുമില്ല സാർ, അദ്ദേഹം നാടൻവൈദ്യന്മാർക്കുവേണ്ടി ഇതുപോലുള്ള ഒരു ബിൽ കൊണ്ടുവന്നിട്ട് അദ്ദേഹത്തിനുണ്ടായ ഗതികേടിൽനിന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ നടന്നത് വ്യത്യസ്തമാണ്.

3. 1996-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

ശ്രീ. എം. മുരളി : സർ, ഈ ബില്ലിന്റെ ആദ്യ ചർച്ച നടന്നത് 1996-ൽ 10-ാം കേരള നിയമസഭ നിലവിൽവരുന്ന ആദ്യമാസങ്ങളിൽ ആയിരുന്നു. അന്ന് ശ്രീ. ബേബി ജോൺ സാർ ആയിരുന്നു തൊഴിൽ വകുപ്പുമന്ത്രി. ഞാൻ ഓർക്കുന്നു, അന്ന് ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അദ്ദേഹം ഇതിനെ എതിർക്കുന്നു എന്ന് പറയാതെ ബില്ലിന്റെ സാരാംശം അവതരിപ്പിക്കുക ഗവൺമെന്റ് പരിഗണിക്കാം എന്നാണ് ബില്ലിന്റെ അവതരണവേളയിൽ മറുപടി പറഞ്ഞത്. ശ്രീ. പാലോട് രവി വർക്കുഷോപ്പ് തൊഴിലാളികളുടെ തൊഴിൽ പ്രശ്നത്തെ അവതരിപ്പിച്ചതുപോലെ അതേ സ്പിരിറ്റോടും വികാരത്തോടും കൂടിയാണ് ഞാൻ ഇത് ഇവിടെ അവതരിപ്പിക്കുന്നത്. ഏറ്റവും വലിയ തൊഴിൽമേഖലയിൽ പണിയെടുക്കുന്ന, ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള ഒരു തൊഴിലാളി വിഭാഗത്തിനുവേണ്ടിയുള്ള പെൻഷൻ ക്ഷേമനിധിയെന്നുള്ള നിലയിൽ ഈ ബില്ലിനെ സമീപിക്കുകയും ഒരു നിലപാട് എടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ തുടർചർച്ചയിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ ഓടിപ്പോയി ആശ്രയിക്കുന്നത് ചെത്തുതൊഴിലാളി ക്ഷേമനിധിയേയും നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയേയുമൊക്കെയാണ്. അത് പരസ്യമായ രഹസ്യമാണ്. സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കുന്നതുപോലെതന്നെ. നിയമമന്ത്രി അല്ല എന്നുള്ള ഭാവത്തിൽ ഇരിക്കുന്നത് ഞാനും കാണുന്നുണ്ട്. എങ്കിലും ചെത്ത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് തുടങ്ങി കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ള പല ക്ഷേമനിധികളെയും ആശ്രിയിച്ചുകൊണ്ടാണ് നമ്മുടെ നിത്യനിദാന ചെലവുകൾപോലും മുന്നോട്ടുപോകുന്നത്.

സർ, കേരളത്തിലെ ഹോട്ടൽ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയും പെൻഷൻ പദ്ധതിയും ആവിഷ്കരിക്കണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷം കുറഞ്ഞത് രണ്ട് കോടി രൂപ അംശദായമായിട്ട് തന്നെ ഈ തൊഴിലാളികളിൽനിന്ന് പിരിച്ചെടുക്കാൻ കഴിയുമെന്ന് കണക്കുകൾ നിരത്തിവച്ചുകൊണ്ട് ഞാൻ പറയാം. അതിന് യാതൊരു സംശയവും വേണ്ട. ഞാൻ ഈ ബില്ലിന് രൂപം നൽകുമ്പോൾ തന്നെ ഉദ്ദേശിച്ചത് ഗ്രാമതലങ്ങൾ മുതൽ നമ്മുടെ സിറ്റി കോർപ്പറേഷനുകൾ വരെ, തട്ടുകടകൾ മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ വരെ, Flight kitchen കളും റെയിൽവേ ക്യാന്റീൻ സർവ്വീസിലേത് ഉൾപ്പെടെ ഹോട്ടൽ തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന, സ്വയം തൊഴിൽ കണ്ടെത്തി ഹോട്ടലുകൾ ആരംഭിച്ച് ചെറുതും വലുതുമായ പണികൾ ചെയ്യുന്ന സ്വയംതൊഴിൽ സംരംഭകരുൾപ്പെടെയുള്ള സമസ്ത ഹോട്ടൽ തൊഴിലാളികൾക്കുംവേണ്ടിയുള്ള ഒരു പെൻഷൻ ക്ഷേമനിധി പദ്ധതിയാണ് ഞാൻ വിഭാവനം ചെയ്തത്. ഗവൺമെന്റ് കണക്കെടുത്തിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. എന്റെ കയ്യിൽ ഒരു കണക്കുണ്ട്. ഗ്രാമതലം മുതൽ നമ്മുടെ തലസ്ഥാന നഗരത്തിൽവരെ അല്ലെങ്കിൽ വൻകിട നഗരങ്ങളിൽവരെ ഭക്ഷണം പാകം ചെയ്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്ന ഏതാണ്ട് 60,000-ഓളം ഭക്ഷണശാലകളുണ്ട്. ഭക്ഷണശാലകൾ എന്ന് വിവക്ഷിക്കുന്ന കൺസെപ്റ്റിൽ വരുന്ന 60,000-ഓളം ഹോട്ടലുകളുണ്ട്. ആ 60,000-ഓളം വരുന്ന ഹോട്ടലുകളിൽ വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചെറുതും വലുതുമായ 5 ലക്ഷത്തോളം തൊഴിലാളികളുണ്ട്. തൊഴിൽ വകുപ്പു മന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ട, ഒരുപക്ഷേ, ഈ നിയമത്തിന്റെ പരിധിയിൽ വരാത്ത ഒരുകാര്യമുണ്ട്. അടിമവേല പോലെതന്നെ ബാലവേല നിരോധിച്ച ഒരു രാജ്യമാണ് നമ്മുടേത്. നമ്മുടെ ഹോട്ടലുകളിൽ തമിഴ്നാട്ടുകാരായ കുട്ടികൾ മാത്രമല്ല പണിയെടുക്കുന്നത്. മാതാപിതാക്കളെ പോറ്റാൻവേണ്ടി കേരളത്തിലെ കുട്ടികളും ഹോട്ടലുകളിൽ പണിയെടുക്കുന്നുണ്ട്. മാതാപിതാക്കളെയും മറ്റും പോറ്റാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഗൾഫിലേക്ക് കേരളീയ കുടുംബങ്ങളിൽനിന്ന് നമ്മുടെ സഹോദരങ്ങൾ പോകുന്നതുപോലെ തമിഴ്നാട്ടിൽനിന്ന് പിഞ്ചുകുഞ്ഞുങ്ങളെ, അതായത് അഞ്ചും ആറും വയസ്സ് കഴിഞ്ഞാൽ കേരളത്തിലേക്ക് കയറ്റി അയയ്ക്കുന്നു. അവർ നമ്മുടെ ഹോട്ടലുകളിൽ പണിയെടുക്കുകയാണ്. ബാലവേല നിരോധിച്ച പ്രബുദ്ധ കേരളത്തിലാണ് ഈ ബാലവേല വളരെ പരസ്യമായിട്ട് നടക്കുന്നത്. എന്തുകൊണ്ട് ഇത് തടയാൻ കഴിയുന്നില്ല? ഗവൺമെന്റിനും തൊഴിൽവകുപ്പിനും ഇത് തടയാൻ കഴിയാത്തത് ഈ ഹോട്ടലുകൾ ഒന്നും നിയന്ത്രണ വിധേയമല്ലാത്തതുകൊണ്ടാണ്. അഞ്ചും ആറും വയസ്സുള്ള തമിഴ്നാട്ടിൽനിന്ന് വരുന്ന കുട്ടികൾ മാത്രമല്ല ഈ ഹോട്ടലുകളിൽ പണിയെടുക്കുന്നത്. അവരും നമ്മുടെ കുഞ്ഞുങ്ങളാണ്. കഷ്ടപ്പാടും, ബുദ്ധിമുട്ടും അനുഭവിക്കുന്ന കുടുംബങ്ങളിലെ അച്ഛനും അമ്മയും രോഗികളായി കിടക്കുമ്പോൾ അവരെക്കൂടി പോറ്റാൻവേണ്ടി പണിക്ക് വരുന്നതാകാം. ആ കുഞ്ഞുങ്ങളെക്കൊണ്ടുകൂടി അടിമവേല ചെയ്യിക്കുന്ന എത്രയോ ഹോട്ടലുകൾ നമുക്ക് കാണാൻ കഴിയും. ഇത് ഫലപ്രദമായി തടയാൻ അല്ലെങ്കിൽ നിരോധിക്കാൻ കഴിയാതെ പോകുന്നതിന്റെ പ്രധാന കാരണം ഈ ഹോട്ടലുകൾക്കൊന്നും രജിസ്ട്രേഷനില്ല. നഗരപാലിക-പഞ്ചായത്ത് രാജ് നിയമം 1994-ൽ ഈ നിയമസഭ പാസ്സാക്കിയപ്പോൾ ഇത്തരം ഹോട്ടലുകളും മറ്റ് എസ്റ്റാബ്ലിഷ്മെന്റുകളും രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥ വച്ചുവെങ്കിലും ഇപ്പോഴും അധികാരവികേന്ദ്രീകരണം അതിന്റെ ബാല്യദശയിലായതുകൊണ്ട് നമ്മുടെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇതു കഴിയുന്നില്ല. ഒരുപക്ഷേ, കോർപ്പറേഷനുകൾ ചെയ്യുന്നുണ്ടാകാം. നിയമപരമായി രജിസ്ട്രേഷൻ കൊടുക്കാനോ അല്ലെങ്കിൽ നിർബന്ധിക്കാനോ ഹോട്ടലുകളെ തങ്ങൾക്കുള്ള നിയമത്തിന്റെ അധികാരപരിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ തലങ്ങളിലും കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് സത്യം.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ബാലവേലയെക്കുറിച്ച് പറഞ്ഞു; പ്രത്യേകിച്ച് ഹോട്ടലുകളിലെ കാര്യം. ഐ.എൽ.ഒ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നതിനെക്കുറിച്ച് പറഞ്ഞു. നേരത്തെ ബാലവേല എത്ര നടന്നിരുന്നു എന്ന റിപ്പോർട്ട് ഇല്ലായിരുന്നു. മറ്റ് പല സ്റ്റേറ്റുകളേയും അപേക്ഷിച്ച് വളരെ കുറവായിരുന്നു. എന്നാൽ, ഇപ്പോൾ അടുത്തിടെ നടത്തിയ ഐ.എൽ.ഒ.യുടെ ഒരു പഠനത്തിൽ കേരളത്തിലേത് അവർ പ്രത്യേകിച്ച് എടുത്ത് പറഞ്ഞത് ഹോട്ടലുകളും ഇഷ്ടിക പാടങ്ങളുമൊക്കെയാണ്. ബാലവേല വളരെ കൂടി വരുന്നുവെന്നും അതുസംബന്ധിച്ച് കേരളത്തിലെ ട്രേഡ് യൂണിയൻ സംഘടനകളുമായി കൊല്ലത്തിൽ നാലോ അഞ്ചോ തവണ ചർച്ചകൾ നടത്തിക്കഴിഞ്ഞുവെന്നും പറഞ്ഞു. അവർ നിർദ്ദേശിച്ചിരിക്കുന്നത് സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി അതിന്റെ നമ്പർ എടുത്ത് ഇത് അവസാനിപ്പിക്കാൻ ആവശ്യമായ നടപടിയെടുക്കണമെന്നാണ്. അതിന് അവർ ഒരു പീരിയേഡ് നിശ്ചയിച്ചിട്ടുണ്ട്. ആറുമാസമോ മറ്റോ ആണെന്ന് തോന്നുന്നു. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. മുരളി : സർ, അങ്ങ് പറഞ്ഞത് പത്രങ്ങളിലൂടെ വായിക്കാനിടയായി. കേരളത്തിൽ ഐ.എൽ.ഒ. ഇടപെടേണ്ടി വന്നിരിക്കുന്നു. അത് നമുക്ക് അഭിമാനകരമായ ഒരു കാര്യമാണോ? ഇഷ്ടിക പാടങ്ങളിലും ഹോട്ടലുകളിലും നിർബന്ധിച്ച് അവർ പണിയെടുത്തുകൊണ്ടിരിക്കുന്നു. ഞാൻ പറഞ്ഞത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നിയമപരമായ നിയന്ത്രണം വേണമെന്നാണ്. മുനിസിപ്പാലിറ്റികളിൽ അല്ലെങ്കിൽ കോർപ്പറേഷനുകളിൽനിന്ന് കുറേ ഫുഡ് ഇൻസ്പെക്ടർമാർ വന്ന് വല്ല പരിശോധനയും നടത്തിയിട്ട് പോകുമെന്നുള്ളതല്ലാതെ ഈ ഹോട്ടലുകളിന്മേൽ ഒരു നിയന്ത്രണവുമില്ല. അതുകൊണ്ട് രജിസ്ട്രേഷൻ വേണം. നമ്മുടെ ധനാഗമമാർഗ്ഗമാണ് അത്.

ശ്രീ. ടി.എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് ചൈൽഡ് ലേബർ കൂടി വരുന്നുവെന്നുള്ളത് ശരിയല്ല. ഈ നിയമസഭാവേദിയിൽ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ പറയുമ്പോൾ ഉണ്ടാകുന്ന ഒരു ഭവിഷ്യത്ത്കൂടി ഞാൻ ചൂണ്ടിക്കാണിക്കാം. ഇപ്പോൾ ഏറ്റവും കൂടുതൽ റെഡിമെയ്ഡ് ഗാർമെന്റ്സ് വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. കേരളത്തിൽ നിന്നും തമിഴ് നാട്ടിൽ നിന്ന് അയയ്ക്കുന്നുണ്ട്. ഇപ്പോൾ അമേരിക്ക പുതിയ ഒരു കണ്ടുപിടിത്തം നടത്തിയിരിക്കുന്നത് ചൈൽഡ് ലേബർ പ്രോത്സാഹിപ്പിച്ച് സാധനങ്ങൾ ചീപ്പായിട്ട് നിർമ്മിച്ച് കയറ്റി അയയ്ക്കുന്നതുകൊണ്ട് അങ്ങനെ കയറ്റി അയയ്ക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ തയ്യാറാകരുതെന്ന് പറഞ്ഞ് ഒരു നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. അത് നമ്മുടെ സ്റ്റേറ്റിനേയും തമിഴ്നാട് പോലുള്ള സ്റ്റേറ്റിനേയും ബാധിക്കാൻ പോവുകയാണ്. അപ്പോൾ നമ്മുടെ നിയമസഭാവേദിക്ക് ഉള്ളിൽനിന്ന് ഇവിടെ ചൈൽഡ് ലേബർ നടക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. ഒറ്റപ്പെട്ട സംഭവങ്ങൾ കാണാം. അത് പെരുപ്പിച്ച് കാണിക്കാൻ പോകുന്നത് വളരെ വലിയ ഭവിഷ്യത്ത് ഇൻഡ്യക്ക് ഉണ്ടാകാൻ പോവുകയാണ്. റെഡിമെയ്ഡ് ഗാർമെന്റ്സ് രംഗവുമായി ബന്ധപ്പെട്ട് അമേരിക്കയിൽ കഴിയുന്ന എന്റെ പല സുഹൃത്തുക്കളേയും അടുത്തകാലത്ത് ഒരു സ്ഥലത്തുവച്ച് കാണാൻ ഇടവന്നു. അപ്പോൾ അവർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യമാണത്. ഇൻഡ്യയ്ക്കെതിരായി ശക്ത

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു നീക്കം. അമേരിക്ക നടത്തിക്കൊണ്ടിരിക്കുന്നു. കാരണം അവർക്ക് നമ്മുടെ കോസ്റ്റിൻ സാധനങ്ങൾ നിർമ്മിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് നമ്മൾ അയയ്ക്കുന്ന സാധനങ്ങൾ എങ്ങനെയെങ്കിലും തിരിച്ചയയ്ക്കാൻ, നമ്മുടെ രാജ്യത്തോട് ദ്രോഹം കാണിക്കാൻവേണ്ടി ഒരുവിഭാഗം ശ്രമിക്കുമ്പോൾ നിയമസഭപോലൊരു വേദിയിലൂടെ ചൈൽഡ് ലേബർ വർദ്ധിച്ചുവരുന്നുവെന്ന് പറയുന്നത് ശരിയല്ല. ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. അത് നിരോധിക്കാനുള്ള നിയമങ്ങൾ ഇവിടെയുണ്ട്. അതിനാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

<u>ശ്രീ. എം. മുരളി</u> : സർ, റെഡിമെയ്ഡ് ഗാർമെന്റ് രംഗത്തെ കാര്യമല്ല ഞാൻ പറഞ്ഞത്. പിഞ്ചുകുഞ്ഞുങ്ങളെക്കൊണ്ട് നിർബന്ധിപ്പിച്ച് പണിയെടുപ്പിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട ടി.എം.ജേക്കബ് പറഞ്ഞത് പൊതുവായ കാര്യമാണ്. ആഗോളതലത്തിൽ ഇൻഡ്യയെക്കുറിച്ചും കേരളത്തെക്കുറിച്ചും പറയുന്ന മറ്റൊരു സങ്കല്പത്തിൽ നമ്മൾ ഖേദിച്ചിട്ട് കാര്യമില്ല. ഐ.എൽ.ഒ പോലൊരു സംഘടന പഠനം നടത്തിയിട്ട് കേരളത്തിൽ ബാലവേലയുണ്ടെന്ന് പറഞ്ഞാൽ അതിനെയാണ് ഗൗരവമായിട്ട് എടുക്കേണ്ടത്. നമ്മൾ എന്തിനാ ഇരട്ടമുഖം എടുത്ത് കാട്ടുന്നത്. കേരളത്തിൽ ബാലവേലയുണ്ട്. പക്ഷേ, എല്ലായിടത്തുമില്ല. ഇപ്പോഴിരിക്കുന്ന ഗവൺമെന്റോ, പഴയ ഗവൺമെന്റോ അതൊരു പ്രിസ്റ്റീജ് ഇഷ്യൂവായിട്ട് എടുക്കേണ്ട കാര്യമില്ല. കേരളത്തിൽ ബാലവേലയുണ്ട്. അതു സത്യമാണ് അത്തരത്തിലുള്ള ഒരു സാമഹ്യ യാഥാർത്ഥ്യം ഇവിടെ ഉണ്ടെന്നുള്ള കാര്യം നമ്മൾ അംഗീകരിക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, പ്രധാനമായിട്ട് കേരളത്തിലുള്ളതിനേക്കാൾ തമിഴ്നാട്ടിൽ നിന്നുള്ള കുട്ടികളാണ് ഇവിടത്തെ ഹോട്ടലുകളിൽ കൂടുതലും ബാലവേല ചെയ്യുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, ബഹുമാനപ്പെട്ട മെമ്പറും ഞാനും പറഞ്ഞത് അത് തന്നെയാണ്. ഇവിടെ മെമ്പർ പറഞ്ഞ സ്റ്റേറ്റുമെന്റ് പൂർണ്ണമായും ശരിയല്ല. ബാലവേല നമ്മുടെ സംസ്ഥാനത്ത് നിരോധിച്ചതിനുശേഷം ലേബർ ഡിപ്പാർട്ടുമെന്റ് നല്ലതുപോലെ ഇതേക്കുറിച്ച് സ്റ്റഡി നടത്തിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെക്കുറച്ച് ചൈൽഡ് ലേബറേഴ്സ് മാത്രമേ നമ്മുടെ സംസ്ഥാനത്തുള്ളൂ. ബാലവേലക്കാർ വളരെക്കുറച്ചുമാത്രമാണ് നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുന്നത്. അത് തന്നെ സാധാരണയായി ഹോട്ടലുകളിലാണ് അവരെ നിയോഗിച്ചിരിക്കുന്നത്. അവരെ റിഹാബിലിറ്റേറ്റ് ചെയ്യാനുള്ള നടപടികളൊക്കെ ലേബർ ഡിപ്പാർട്ടുമെന്റ് ചെയ്യുന്നുണ്ട്. തിരുവനന്തപുരത്ത് തന്നെ അതിനുവേണ്ട നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഹോട്ടലുകളുടെ അസോസിയേഷനുമായി ചേർന്ന് പല മേഖലയിലും....(ബഹളം)..... ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്റ്റേറ്റുമെന്റ് പൂർണ്ണമായും ശരിയല്ല. സംസ്ഥാനത്തുടനീളം ബാലവേല നിരോധിക്കുന്നതിന് കർശനമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ചിലപ്പോൾ ചിലയിടങ്ങളിൽ ചില ഉദാഹരണങ്ങളൊക്കെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒരുപക്ഷേ അദ്ദേഹം ഏതെങ്കിലും ഹോട്ടലിൽ പോയപ്പോൾ അവിടെ ബാലവേലക്കാരെ കണ്ടുവെന്ന് വന്നേക്കാം. പക്ഷേ ഇവിടെ വ്യാപകമായി യാതൊരുകാരണവശാലും ബാലവേല അനുവദിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യില്ലെന്നുള്ള കർശനമായ നിലപാട് ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുമുണ്ട്.....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇന്നത്തെ സൊസൈറ്റിയുടെ പാറ്റേൺ എന്താണെന്ന് നിങ്ങളൊക്കെ നോക്കണം. ക്യാപ്പിറ്റലിസ്റ്റിക് വ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. അതുകൊണ്ട് ബാലവേല ഒരിക്കലും അവസാനിപ്പിക്കാൻ കഴിയുകയില്ല. പക്ഷേ അത് ചുരുക്കാമെന്ന് മാത്രമേയുള്ളൂ. മുതലാളിത്ത ആ സൊസൈറ്റിയിൽ അതിന് സാധിക്കുകയില്ല. മുതലാളിത്ത സൊസൈറ്റിയിൽ അൺ-എംപ്ലോയ്മെന്റ് പോകുമോ? മുതലാളിത്ത സൊസൈറ്റിക്ക് ആവശ്യമായിട്ടുള്ളത് അൺ-എംപ്ലോയ്മെന്റ് അല്ലേ? ക്യാപ്പിറ്റലിസ്റ്റിക് ഫോം ഓഫ് സൊസൈറ്റിയല്ലേ ഇവിടെയുള്ളത്? അപ്പോൾ ഹ്യൂഡൽ ക്യാപ്പിറ്റലിസ്റ്റിക് സൊസൈറ്റിക്ക് അൺ-എംപ്ലോയ്മെന്റ് ആവശ്യമാണ്. അതുകൊണ്ട് ബാലവേല ഇവിടെ കുറയ്ക്കാമെന്നോ അൺ-എംപ്ലോയ്മെന്റ് കുറയ്ക്കാമെന്നോ കരുതിയാൽ അത് നേരെയാകണമെങ്കിൽ ഫ്യൂഡൽ ക്യാപ്പിറ്റലിസ്റ്റിക് വ്യവസ്ഥിതി മാറണം. അതുകൊണ്ട് ഇവിടെ അൺഎംപ്ലോയ്മെന്റും ബാലവേലയും കുറയ്ക്കാമെന്നല്ലാതെ അത് പരിപൂർണ്ണമായും മാറ്റാൻ കഴിയുകയില്ല.

ശ്രീ. ജി. കാർത്തികേയൻ : ഞാൻ ഇവിടെ ബാലവേല ഇല്ലെന്ന് പറയുന്നതിനോട് തർക്കിക്കുകയാണെന്ന് കരുതരുത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഹോട്ടലുകളിൽ മാത്രമാണ് ബാലവേല നിലവിലുള്ളതെന്ന് പറഞ്ഞു. എന്നാൽ അങ്ങനെ കരുതുന്നത് തെറ്റാണ്. കേരളത്തിലെ പാറമടകളിലും അതുപോലെതന്നെ തീരപ്രദേശങ്ങളിലെ കയർമേഖലയിലും പണിയെടുക്കുന്നവരിൽ നല്ലൊരുവിഭാഗം കുട്ടികളാണ്. നിങ്ങളിവിടെ ഹോട്ടലുകളിലെ കാര്യം മാത്രം എന്തിനാണ് പറയുന്നത്? പാറത്തൊഴിലാളികളുടെ കൂട്ടത്തിൽ അവിടെ പാറ ഉടയ്ക്കുന്നത് എല്ലാ 90% ജോലിക്കാരും ചെറിയ പെൺകുട്ടികളാണ്. ഹോട്ടലുകളിൽ പണിയെടുക്കുന്നത് ചെറിയ ആൺകുട്ടികളുമാണ്. അതുകൊണ്ട് നമ്മൾ ഇതിനെയൊരു പ്രസ്റ്റീജ് ഇഷ്യൂ ആയിട്ട് എടുക്കേണ്ടതില്ല. യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായിത്തന്നെ കാണണം.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ ലേബർ മിനിസ്റ്റർ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. കാരണം നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിട്ട് ബാലവേല നിലവിലില്ല. അതുപോലെ ഇവിടെ ക്യാപ്പിറ്റലിസ്റ്റിക് വ്യവസ്ഥിതിയാണോ, മറ്റുവല്ല വ്യവസ്ഥിതിയുമാണോ എന്നകാര്യമൊക്കെ അവിടെ നിൽക്കട്ടെ, മുഖ്യമന്ത്രി ഇവിടെ അദ്ദേഹത്തിന്റെ ഒരാശയം പറഞ്ഞു. മുഖ്യമന്ത്രി ഇവിടെ പറഞ്ഞകാര്യം അങ്ങ് ശ്രദ്ധിച്ചുവോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. നമ്മുടെ രാജ്യത്തുനിന്ന് ഏറ്റവുംകൂടുതൽ റെഡിമെയ്ഡ് ഗാർമെന്റ്സ് കിട്ടുന്ന സ്ഥലമാണ് അമേരിക്കയും യൂറോപ്യൻ കൺട്രീസും. അവിടെ നമ്മുടെ സാധനം വിറ്റഴിക്കാതിരിക്കാൻ എന്താണ് മാർഗ്ഗമെന്ന് അവർ നോക്കുകയാണ്. അതിന് അവർ പറഞ്ഞിരിക്കുന്ന കാര്യം ഇവിടെ ബാലവേല നിലനിൽക്കുന്നു എന്നാണ്. ഇതാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. ഇ.കെ. നായനാർ : അവിടെയാണ് കോൺട്രാഡിക്ഷൻ. ക്യാപ്പിറ്റലിസത്തിന്റെ കോൺട്രാഡിക്ഷനിൽ നമ്മളെ അവർ ഒന്നിനും സമ്മതിക്കുകയില്ല.

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെ ഒരു കോൺട്രഡിക്ഷനുമില്ല. മുഖ്യമന്ത്രിയോട് ഞാൻ പറയുന്നത് നമ്മുടെ സമ്പദ്ഘടനയ്ക്ക് തകരാറ് ഉണ്ടാക്കരുത് എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഭാഗികമായി ശരിയാണ്. നമ്മുടെ ഇവിടത്തെ വ്യവസ്ഥിതി മാത്രമല്ല ലോകത്തിലെ വ്യവസ്ഥിതി-മുതലാളിത്ത വ്യവസ്ഥിതി ചൈനയിലും ബാലവേലയും തൊഴിലില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് യാഥാർത്ഥ്യം. ലോകം മുഴുവൻ ഇപ്പോൾ ഈ പ്രശ്നമുണ്ട്. പ്രത്യേകിച്ചും നമ്മുടെ വ്യവസായവൽക്കരണത്തിന്റെ ഇന്നത്തെ പോക്കിൽ തൊഴിലില്ലായ്മ കൂടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ബാലവേലയും ഉണ്ട്. ഇവിടെയും സത്യംപറഞ്ഞാൽ ഞാൻ പലയിടത്തും പോയപ്പോൾ കണ്ടു, നമ്മുടെ ഫാക്ടറികളിൽ മാത്രമല്ല നമ്മുടെ പ്രമാണിമാരുടെ വീടുകളിൽ വീട്ടുവേലക്ക് നിൽക്കുന്ന കുട്ടികളെ നമുക്ക് കാണാൻകഴിയും. അതിന്റെ യാഥാർത്ഥ്യം ഇതാണ്. അതിന് എന്താണ് പരിഹാരമെന്ന് അങ്ങ് ആലോചിക്കണം. അപ്പോൾ നമ്മുടെ രാജ്യത്ത് ബാലവേലയുണ്ട്. നമ്മുടെ വീടുകളിലുണ്ടല്ലോ ബാലവേല. ബാലവേല വർദ്ധിച്ചുവരികയാണ് ഇതാണ് സത്യം. അതുപോലെതന്നെ നമ്മുടെ കാന്റീനുകളിൽ നമ്മുടെ സംസ്ഥാനത്തെ എട്ടുംപത്തും വയസ്സുള്ള കുട്ടികളാണ് ജോലിചെയ്യുന്നത്. അതുപോലെതന്നെ നമ്മുടെ വീടുകളിൽ വീട്ടുജോലി ചെയ്യുന്നത് കൂടുതലും കുട്ടികളാണെന്ന സത്യം നമ്മൾ കാണുന്നുണ്ട്. അത് ഭരണകക്ഷിക്കാരുടെ വീടുകളിലുണ്ട്. പ്രതിപക്ഷകക്ഷിക്കാരുടെ വീടുകളിലുണ്ട്. മറ്റുള്ളവരുടെയൊക്കെ വീടുകളിലുമുണ്ട്. ഈ സത്യത്തിനുനേരെ നമ്മൾ മുഖംതിരിച്ചുനിൽക്കുകയാണ്. അതുകൊണ്ട് ബാലവേലയുടെ കാര്യത്തിൽ വെറുതേ മുതലാളിത്തത്തിന്റെ പേരുപറഞ്ഞ് നമ്മൾ രക്ഷപ്പെടാൻ നോക്കണ്ട, ബാലവേല നമ്മുടെ സംസ്ഥാനത്ത് ഒരുപാട് സ്ഥലങ്ങളിലുണ്ട്. അതേക്കുറിച്ച് നമ്മൾ ആലോചിക്കണം. അതുകൊണ്ട് അമേരിക്കക്കാരുടെ കാര്യം പറഞ്ഞ് രക്ഷപ്പെടാൻ നോക്കണ്ട. തമിഴ്നാടിനെയൊക്കെ അപേക്ഷിച്ച് കേരളത്തിൽ ബാലവേല കുറവാണ്. പക്ഷേ കേരളത്തിലും ഇതുണ്ട്. അത് കേരളത്തിലെ ഒന്നുരണ്ട് മേഖലകളിൽ മാത്രമല്ല എല്ലാ തുറകളിലുമുണ്ട്. നമ്മുടെ ഒരുപാട് സുഹൃത്തുക്കളുടെയും നമ്മുടെ പാർട്ടിക്കാരുടെയും മറ്റുള്ളവരുടെയുമൊക്കെ വീടുകളിൽ ഞാൻ ഇത് കണ്ടിട്ടുണ്ട്. ഭരണകക്ഷിക്കാരുടെ വീടിലും കാണാറുണ്ട്. മറ്റുള്ളവരുടെ വീടിലും കാണാറുണ്ട്. കുട്ടികളെക്കൊണ്ട് ജോലിചെയ്യിക്കുന്ന പരിപാടി എല്ലായിടത്തും കാണുന്നുണ്ട്. അതുകൊണ്ട് ഇതൊരു വെറും മുതലാളിത്ത പ്രശ്നമായിട്ട് മാത്രം മുഖ്യമന്ത്രി കാണരുത്. ഇതൊരു പൊതുപ്രശ്നമാണെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഞാൻ പറയുന്നത് എന്താണെന്നുവച്ചാൽ ചൈനയിൽ വർദ്ധിക്കുകയല്ല, കുറയുകയാണ് ചെയ്യുന്നത്. അവിടെ ഒരു കുടുംബത്തിൽ ഒരു കുട്ടിയേ പാടുള്ളൂ. പക്ഷേ ഇവിടെ ഒരു കുടുംബത്തിൽ രണ്ട് കുട്ടികളാകാം. അവിടെ ഫാമിലി പ്ലാനിംഗ്കൊണ്ട് അൺ-എംപ്ലോയ്മെന്റ് കുറയ്ക്കുന്നുണ്ട്. അല്ലാതെ കൂട്ടുകയല്ലേ ചെയ്യുന്നത്.....(ബഹളം)..... ഞാൻ പറയട്ടെ. കേരളത്തിൽ ബാലവേല കുറവാണ്. എന്താണതിന് കാരണമെന്നു പറഞ്ഞാൽ കേരളത്തിലെ സോഷ്യൽ ചെയിഞ്ചാണ് അതിന്റെ കാരണം. കേരളത്തിൽ എന്തായാലും ബാലവേല കുറവാണ്. തമിഴ്നാട്ടിൽ അതല്ല സ്ഥിതി. വടക്കേഇൻഡ്യയിൽ ബീഹാറിലും യു.പി.യിലുമൊക്കെ ബാലവേല കൂടുതലാണ്. കർണ്ണാടകത്തിലും അത് കൂടുതലാണ്. പക്ഷേ ഇവിടെ അത് കുറവാണ് സോഷ്യൽ ചെയിഞ്ചിലും വ്യത്യാസമുണ്ട്. അപ്പോൾ ഇതുംകൂടി നമ്മൾ കണക്കാക്കണം. ഇവിടെ അതില്ലായെന്നല്ല ഞാൻ പറയുന്നത്. ബാലവേല ഇവിടെയുണ്ട്. എങ്കിലും മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബാലവേല എന്ന യഥാർത്ഥ്യത്തെക്കുറിച്ച് ഇവിടെയിപ്പോൾ എല്ലാവരും പറഞ്ഞല്ലോ, ഇതൊരു നല്ല ചർച്ചയായിരുന്നു. ഒരു സ്വകാര്യ ബില്ലിന്മേലാണെങ്കിലും അതിന്റെ അവസാനം നല്ല ചർച്ച വന്നു. അത് നിയമം കൊണ്ടോ, നിർദ്ദേശം കൊണ്ടോ പരിഹരിക്കാൻ കഴിയുന്ന ഒരു പ്രശ്നമല്ല. ഇതൊരു സാമൂഹ്യപ്രശ്നമാണ്. ബാലവേല നിർത്തലാക്കിയാൽ ഇപ്പോൾ തൊഴിലെടുത്ത് ജീവിക്കുന്ന ആ കുട്ടികൾ എങ്ങനെ ജീവിക്കും? കുട്ടികൾ പണിക്കുപോകുന്നത്. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളിൽ പലരും സ്വന്തമായി തൊഴിലെടുത്ത് ജീവിക്കുന്നവരാണ്. അത് ഒരു കുറവുള്ള സാമൂഹ്യപ്രശ്നമാണ്. അതിനെ ഒരു സാമൂഹ്യപ്രശ്നമായിട്ട് കണ്ട് അതുകൂടി പരിഗണിച്ചുകൊണ്ട് നമുക്ക് അതിനൊരു പരിഹാരം കാണാൻ ശ്രമിക്കണം.

ശ്രീ. എ.കെ. ആന്റണി : നമ്മൾ ഇവിടെ ചർച്ച ചെയ്തല്ലോ, ലേബർ നിരോധനത്തെക്കുറിച്ച്, നമ്മുടെ ഇവിടെ ലോട്ടറി വിൽക്കുന്നവരിൽ ഭൂരിഭാഗവും പഠിക്കുന്ന കുട്ടികളാണ്. ഇവിടെ അങ്ങ് പറഞ്ഞതാണ് യാഥാർത്ഥ്യം. അങ്ങ് ഇതേക്കുറിച്ച് പറഞ്ഞതാണ് ശരി. ഇതൊരു സാമൂഹ്യപ്രശ്നമാണ്.

മി. സ്പീക്കർ : ബാലവേല അമേരിക്കയിലും ഉണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പക്ഷേ അവർ പാർട്ടൈം ജോലിചെയ്തിട്ടാണ് പഠിക്കാൻ പോകുന്നത്.

ശ്രീ. ടി.എം. ജേക്കബ് : അവിടത്തെ പ്രത്യേകതയെന്നു പറയുന്നത് മണിക്കൂറുകൾ ജോലിചെയ്താൽ കിട്ടുന്ന ഡോളർ കൂടുതലാണ്. കൂടുതൽ സാമ്പത്തികസൗകര്യം ആ ബാലവേല ചെയ്യുന്ന കുട്ടികൾക്ക് കിട്ടും. ഇവിടെ പാവപ്പെട്ട കുടുംബത്തിലെ കുട്ടികളാണ് ബാലവേലക്ക് പോകുന്നത്. ഞാൻ പറയുന്നത് ഒരു സാങ്കേതികതത്വം ഇതേയുള്ളൂ, ഇവിടെ ബാലവേല വ്യാപകമായിട്ടുണ്ടെന്നു പറയുന്നത് നമുക്ക് ദോഷംചെയ്യും.

മി. സ്പീക്കർ : അമേരിക്കയിലെ കുട്ടികൾ പണിക്ക് പോകുന്നതും ഇൻഡ്യയിലെ കുട്ടികൾ പണിക്ക്പോകുന്നതും രണ്ടും രണ്ട് സ്വഭാവത്തിലുള്ളതാണ്.

ശ്രീ. എം. മുരളി : സർ, ഞാൻ ഇവിടെ ബാലവേല വ്യാപകമാണെന്നല്ല പറഞ്ഞത്.

മി. സ്പീക്കർ : എന്തായാലും ഇവിടെ ബില്ലിന്റെ അവതാരകനെ സംരക്ഷിക്കേണ്ട ചുമതല ചെയറിനുണ്ട്. അദ്ദേഹത്തെയും സംരക്ഷിക്കണമല്ലോ.

ശ്രീ. എം. മുരളി : ഈ ബില്ലിന്റെ ചർച്ചയിൽ ഈ സഭയിലെ പ്രമുഖ നേതാക്കന്മാർ കൂടി പങ്കെടുത്തപ്പോൾ ചർച്ച കൂടുതൽ സജീവമായി ബില്ലിന്റെ വിഷയവും സജീവമായി ഫോക്കസ് ചെയ്യുകയാണ്. ഞാൻ കേരളത്തിൽ ബാലവേല കുറവാണെന്ന് ചിന്തിക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ്. അതു സംബന്ധിച്ച് ഐ.എൽ.ഒ.യുടെ നിഗമനങ്ങൾ ശരിയല്ലെന്ന് കാണാൻ ആഗ്രഹിക്കുന്ന ആളാണ്. പക്ഷേ അഞ്ചും ആറും വയസ്സുള്ള കുഞ്ഞുങ്ങളെ ഇരുപത് ഇരുപത്തിയഞ്ച് വയസ്സുള്ള ആരോഗദൃഢഗാത്രനായ ഒരാൾ ചെയ്യുന്നതുപോലുള്ള, ഒരു പൂർണ്ണമനുഷ്യൻ ചെയ്യുന്നതുപോലുള്ള പണികൾ ആ കുഞ്ഞുങ്ങളെക്കൊണ്ട് ചെയ്യിക്കുന്നത് ലജ്ജാകരമാണ്, വേദനാജനകമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.....

മി. സ്പീക്കർ : സമയം കഴിഞ്ഞു. വേഗം പറഞ്ഞവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, ഞാൻ വിഷയത്തിലേക്ക് കടക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് ഇവിടത്തെ ഹോട്ടലുകാർക്ക് നിയമപരമായ ഒരു നിയന്ത്രണം ബാലവേല ചെയ്യിക്കുന്ന കാര്യത്തിൽ ഉണ്ടാക്കണം. ഇവരുടെ രജിസ്ട്രേഷൻ ഉൾപ്പെടെ, ഹോട്ടലുകളിൽ പണിയെടുക്കുന്ന ബാലവേലക്കാരുടെ സേവനകാര്യമുൾപ്പെടെ എത്രമണിക്കൂറാണ് അവർ പണിയെടുക്കുന്നത് ഓരോ മേഖലയിലും അതിന്റേതായ പ്രശ്നമുണ്ട്. നമ്മുടെ ക്രമസമാധാനപാലകരായ പോലീസുകാർപോലും എട്ടുമണിക്കൂർ പണിമതിയെന്ന് മുറവിളികൂട്ടി മുദ്രാവാക്യം വിളിക്കുമ്പോൾ.... ഇവിടെ ഞാൻ പറയുന്നത് വെളുപ്പാൻകാലത്ത് അഞ്ചു മണിമുതൽ പണി ആരംഭിച്ചുകഴിഞ്ഞാൽ രാത്രി പതിനൊന്നുമണിക്കാണ് ഹോട്ടൽ ജോലിക്കാരുടെ പണി അവസാനിപ്പിക്കുന്നത്. ഒരു തൊഴിലാളിയുടേതായ ജോലിസമയം നിശ്ചയിക്കേണ്ടത് ആവശ്യമുള്ള കാര്യമാണ്. അത് കൊച്ചുകുട്ടിയായാലും പ്രായമുള്ളവരായാലും ഹോട്ടലുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു ദിവസം 18 മണിക്കൂർ വരെ ജോലി എടുക്കേണ്ടതായിട്ടുണ്ട്. ഒരു ഹോട്ടൽ തൊഴിലാളി പണിയെടുക്കേണ്ടത് 18 മണിക്കൂറാണ്. അവർക്ക് രണ്ടാംതരം ആഹാരമാണ് കൊടുക്കുന്നത്. ഹോട്ടലുകളിൽ വച്ചുവിളമ്പുന്ന ആഹാരം അവർക്ക് കൊടുക്കാറില്ല. അവർക്ക് കൊടുക്കുന്നത് പ്രത്യേകമായി തയ്യാറാക്കിയ ആഹാരമാണ്. അങ്ങനെ നോക്കുമ്പോൾ രണ്ടാതരം ആഹാരവും കൊടുക്കും, നാമമാത്രമായ ശമ്പളവും അവർക്ക് കൊടുക്കും. അതുകൊണ്ട് ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഹോട്ടലുകാരെയും അവിടെ പണിയെടുക്കുന്ന തൊഴിലാളികളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് മിനിമം കൂലി എത്രയാണെന്ന് നിജപ്പെടുത്തിക്കൊണ്ട് അവ കർശനമായി പാലിക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് സംവിധാനംകൂടി ഗവൺമെന്റ് ഏർപ്പെടുത്തണം. അവരുടെ ജോലിസമയം എത്രയാണെന്ന് നിശ്ചയിക്കണം.....(ബഹളം)..... അവർക്ക് മിനിമംകൂലി നിശ്ചയിച്ചിട്ടുണ്ട്. പക്ഷേ എത്ര ഹോട്ടലുടമകളാണ് അവർക്ക് മിനിമംകൂലി കൊടുക്കുന്നത്? ഒരു ഹോട്ടലിലും അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമംകൂലി കൊടുക്കാറില്ല. കാരണം അത് എൻഫോഴ്സ് ചെയ്യിക്കാനുള്ള സംവിധാനമില്ല, ഇന്നുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പരിധിയിൽ ഇതെല്ലാംകൂടി വരുന്നില്ല. ഇവിടെ ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ. ആയ ശ്രീ. കെ.പി. രാജേന്ദ്രൻ തന്നെ പറയുന്നുണ്ട് നാം ഒന്നും കൊടുക്കുന്നില്ലായെന്ന്. ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽവരുന്ന ഈ സ്ഥാപനങ്ങളെ നിയന്ത്രണവിധേയമാക്കാൻ ഇവിടെ ആക്ട് ഉണ്ടെങ്കിലും നിയമമുണ്ടെങ്കിലും കഴിയുന്നില്ല. കാരണം, ലേബർ ഡിപ്പാർട്ടുമെന്റിന് അതിന് മെഷീനറികളുടെ പ്രവർത്തനം ഫലപ്രദമാക്കി നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. ഞാൻ ലേബർ ഡിപ്പാർട്ട്മെന്റിനെ കുറ്റപ്പെടുത്തുകയല്ല ചെയ്യുന്നത്. ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കരകാണാക്കടൽപോലെ വിവിധങ്ങളായ സ്ഥാപനങ്ങളാണുള്ളത്. അതുകൊണ്ട് അവരെ മുഴുവൻ നോക്കികൊണ്ട് കൃത്യമായി എൻഫോഴ്സ്മെന്റ് നടത്തുവാൻ ആ ഡിപ്പാർട്ടുമെന്റിലെ ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാർ മാത്രം വിചാരിച്ചാൽ ഒരു താലൂക്കിലെ കാര്യം നോക്കാൻപോലും കഴിയുകയില്ല, ഒരു ജില്ലയിലെ കാര്യംപോലും നടക്കുകയില്ല. ഇവിടെ ഈ ചർച്ച ഉപസംഹരിച്ചുകൊണ്ട് ഗവണ്മെന്റിന്റെ നിലപാട് ഇക്കാര്യത്തിൽ എന്താണെന്നറിയാൻ താൽപര്യമുള്ളതുകൊണ്ട് ഞാൻ ചർച്ച ചുരുക്കുകയാണ്. ഇപ്പോൾ ദിനവും 18 മണിക്കൂർ വീതം പണിയെടുക്കുന്ന ശിശുക്കളുടെ ജോലി മാത്രമല്ല, ബാലവേല മാത്രമല്ല, 18 മണിക്കൂർ പണിയെ

ടുക്കുന്ന എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്. എല്ലാ തൊഴിലുടമകളെയും മുതലാളിമാരായി ഞാൻ കാണുന്നില്ല. ഈ ബില്ലിൽ അങ്ങിനെയല്ല വിഭാവനം ചെയ്തിരിക്കുന്നത്. സ്വയംതൊഴിൽ കണ്ടെത്താൻവേണ്ടി ഈ രംഗത്തേക്ക് കടന്നുവന്ന് പണിയെടുക്കുകയും ഹോട്ടലുകൾ നടത്തുകയും ചെയ്യുന്ന സംരംഭകർ കൂടിയുണ്ട്. അവരെയും തൊഴിലാളികളായിട്ട് കാണാനാണ് ഞാനാഗ്രഹിക്കുന്നത്. അപ്പപോൾ ഈ രംഗത്ത് പണിയെടുക്കുന്ന, ഈ രംഗത്ത് പണിയെടുത്ത് ജീവിക്കുന്ന 60,000-ത്തോളം വരുന്ന ചെറുതും വലുതുമായിട്ട് വരുന്ന ഹോട്ടലുകളിൽ പ്രവൃത്തിയെടുത്ത് ജീവിക്കുന്ന അഞ്ചു ലക്ഷത്തോളം തൊഴിലാളികളുണ്ട്. ഈ അഞ്ചുലക്ഷത്തോളംവരുന്ന 18 മണിക്കൂറോളം നിത്യേന തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ ജീവിതത്തിന്റെ സായാഹ്നത്തിൽ അവരെത്തിച്ചേരുമ്പോൾ അവർക്ക് അവരുടെ ജീവിതത്തിന് സംരക്ഷണം കൊടുക്കേണ്ടേ? ആറാമത്തെ വയസ്സുമുതൽ ഒരു ഹോട്ടൽജോലിയിൽ പണിയെടുക്കുന്നതിനായി വിധിക്കപ്പെട്ട ഒരു ബലിമൃഗം, 60 വയസ്സ് തികയുമ്പോൾ 54 വർഷത്തെ അവരുടെ സേവനം അതു കണക്കിലെടുത്ത് അവർക്ക് എന്തെങ്കിലുമൊക്കം ആനുകൂല്യം, ജീവിതത്തിന്റെ സായാഹ്നത്തിൽ ഒരു നേരത്തെ ആഹാരത്തിന്റെ വകയ്ക്കുള്ള ഒരു പെൻഷനും പദ്ധതിയും ക്ഷേമനിധിയും കേരളത്തിൽ ഉണ്ടാക്കേണ്ടതുണ്ട്. പുരോഗമനപരമായ പല നിയമനിർമ്മാണങ്ങളും നടത്തിയ ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ മറ്റേതൊരു തൊഴിൽമേഖലയിലേക്കാൾ മുമ്പിൽവരും നമ്മുടെ രാജ്യത്തെ ഹോട്ടൽമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ. അതു കൊണ്ടാണ് ഞാൻ അതൊരു സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽത്തന്നെ, അറുപതിനായിരത്തോളം വരുന്ന ചെറുതും വലുതുമായ ഹോട്ടലുകളിൽ പണിയെടുക്കുന്ന അഞ്ചുലക്ഷത്തോളംവരുന്ന തൊഴിലാളികൾ ഉണ്ടെന്നുള്ള കണക്ക് ഞാൻ അവതരിപ്പിച്ചത്. അവരുടെ എണ്ണമനുസരിച്ച് നോക്കുമ്പോൾ കേവലം രണ്ടുരൂപവച്ച് പ്രതിമാസം അവരിൽ നിന്നും അംശദായമായി പിരിച്ചയാലും ഗവൺമെന്റ് കൂടി കോൺട്രിബ്യൂട്ട് ചെയ്ത് അവർക്കുള്ള ക്ഷേമനിധി നടപ്പിലാക്കണം. ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനോ ഗ്രാൻഡോ കൊടുക്കേണ്ടിവരും. അങ്ങനെ വന്നാൽ കേവലം രണ്ടുരൂപവച്ച് പ്രതിമാസം അംശദായമായി സമാഹരിച്ചാൽപോലും ഇത്രയും തൊഴിലാളികളിൽ നിന്നും പ്രതിവർഷം അഞ്ചുകോടി രൂപ സംഭരിച്ചെടുക്കാൻ കഴിയുമെന്നാണ് എന്റെ നിഗമനം. അങ്ങിനെവന്നാൽ അഞ്ചുവർഷംകൊണ്ട് ഈ ക്ഷേമനിധി..... അങ്ങനെയൊരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം (അങ്ങയുടെ പരിഗണനയ്ക്കായി ഇത് സമർപ്പിക്കുകയാണ്). ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ് ഗവൺമെന്റിന് ഒരു നല്ല ആസ്തിയുള്ള ഒരു ക്ഷേമനിധി ഇതിൽനിന്ന് രൂപീകരിക്കാൻ കഴിയുമെന്ന് മാത്രമല്ല, നിയമതടസ്സങ്ങളോ മറ്റുബാദ്ധ്യതകളോ പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ ഉണ്ടാവുകയില്ല എന്നാണ് എനിക്ക് അറിയിക്കാനുള്ളത്.....

<u>മി. സ്പീക്കർ</u> : ഗവൺമെന്റിനെ അവർക്കായിട്ട് ഒരു ക്ഷേമനിധി കൊണ്ടുവരാനായി പറഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് അല്ലേ?

<u>ശ്രീ. എം. മുരളി</u> : സർ, ഞാൻ വളരെ താൽപര്യപൂർവ്വം പറയുകയാണ്. നിർമ്മാണത്തൊഴിലാളി രംഗത്തുള്ള തൊഴിലാളികളേക്കാൾ കൂടുതൽവരും. ഹോട്ടൽ വ്യവസായരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം. നിർമ്മാണത്തൊഴിലാളി മേഖലയിലുള്ള ക്ഷേമനിധി ഗവൺമെന്റിപ്പോൾ രൂപീകരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. അത് പ്രവർത്തിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അതുകൊണ്ട് നിർമ്മാണത്തൊഴിലാളി മേഖലയിലെ തൊഴിലാളികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതുപോലെ ഒരു ക്ഷേമനിധി ഏർപ്പെടുത്തണം. നിർമ്മാണത്തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധി ബോർഡ് നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ആളുകളേക്കാൾ കൂടുതൽ അംഗസംഖ്യ, അതുപോലെ ഏറ്റവും കൂടുതൽ ആസ്തിയുള്ള ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരേക്കാൾ കൂടുതൽ അംഗസംഖ്യ വരുന്ന തൊഴിലാളികളെ ഇതിൽ നമുക്ക് അംഗങ്ങളാക്കാൻ ലഭിക്കും. അതുകൊണ്ട് അവർക്കായി ഒരു ക്ഷേമനിധി രൂപീകരിച്ചുകൊണ്ട് ദുരിതമനുഭവിക്കുന്ന ഇന്നുവരെ ജീവിതത്തിൽ ഒരു പരിരക്ഷയ്ക്കും കിട്ടിയിട്ടില്ലാത്ത അവഗണനയനുഭവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേകമായി ഒരു ക്ഷേമനിധിയും പെൻഷനും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശരി കൊള്ളാം. വളരെ ഹൃദയസ്പർശിയായ ഒരു ചർച്ചയായിരുന്നു ഇതേക്കുറിച്ച് ഇവിടെ നടന്നത്. ഇനി മിനിസ്റ്റേഴ്സ് റിപ്ലൈ, ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, അദ്ദേഹം അവതരിപ്പിച്ച ബില്ലിന്റെ ആവശ്യകതയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാൻ അദ്ദേഹം പല വാദഗതികളും ഉന്നയിക്കുകയുണ്ടായി. അദ്ദേഹം ഉന്നയിച്ച വാദങ്ങളൊന്നും കേരളത്തിൽ നടക്കുന്നതല്ല. തമിഴ്നാട്ടിലോ മറ്റോ പോയി അദ്ദേഹം കണ്ടതാകും. കേരളത്തിലെ ഏതെങ്കിലും ഹോട്ടലുകളിൽ 18 മണിക്കൂർ ജോലിചെയ്യുന്ന തൊഴിലാളിയുണ്ടെന്നു പറഞ്ഞാൽ അത് വിശ്വസിക്കാൻ പറ്റുകയില്ല. കേരളത്തിലെ ഹോട്ടൽ തൊഴിലാളിക്ക് മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആ മിനിമം വേജസ് നടപ്പാക്കുന്നതിൽ ഡിപ്പാർട്ടുമെന്റ് മാത്രമല്ല. എല്ലാ പ്രദേശത്തും എല്ലാ പട്ടണങ്ങളിലും ശക്തമായി പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുണ്ട്. എത്രയോ സമരങ്ങൾ നടന്നിട്ടുണ്ട്. പിന്നെ രണ്ടാതരം ഭക്ഷണമാണ് അവർ കഴിക്കുന്നതെന്ന് പറഞ്ഞാൽ ശരിയല്ല. ഒന്നാം തരം ഭക്ഷണമാണ് അവർ കഴിക്കുന്നത്. നമ്മെപ്പോലുള്ളവരാണ് രണ്ടാം തരം ഭക്ഷണം കഴിക്കുന്നത്.

സർ, പിന്നെ ബാലവേലയെക്കുറിച്ച് ഇവിടെ പറഞ്ഞു. ബാലവേല മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും കേരളത്തിൽ വളരെവളരെ കുറവാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരിശോധന നടത്തി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറയുന്നത്. ഉള്ളിടത്തൊക്കെ റിഹാബിലിറ്റേഷന്റെ നടപടി സ്വീകരിക്കുന്നുണ്ട്. ഇന്ന് എല്ലാ കാര്യങ്ങളും നിയമങ്ങളുണ്ട്. ആ നിയമങ്ങളൊക്കെ അതേപടി നടപ്പാക്കാൻ ജനങ്ങളുടെ സഹകരണമുണ്ടെങ്കിൽ മാത്രമേ കഴിയൂ അതാണ് അതിന്റെ സ്ഥിതി.

ശ്രീ. കെ.പി. രാജേന്ദ്രൻ : മിനിമം വേജസ് നടപ്പാക്കുന്ന കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റിന്റെയും ട്രേഡ് യൂണിയന്റെയും കാര്യം പറഞ്ഞത് ശരിയാണ്. പക്ഷെ ഞങ്ങളുടെ അനുഭവത്തിലുള്ള കാര്യം പറയുകയാണ്. ഹോട്ടൽ തൊഴിവാളികൾ ട്രേഡ് യൂണിയനുകളായി നേരിട്ട് ഇന്ന് പ്രവർത്തിക്കുന്നത് വളരെ കുറച്ച് മാത്രമാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): അതിന് ഗവൺമെന്റും മന്ത്രിയും വിചാരിച്ചാൽ ഒക്കുകയില്ല. തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികളെ സംഘടിപ്പിക്കണം, ആവശ്യങ്ങൾ നേരിട്ട് അവരെ ബോദ്ധ്യപ്പെടുത്തണം. അവരെ ബോദ്ധ്യപ്പെടുത്തിയിട്ട് അതിന് നേതൃത്വം കൊടുക്കണം, നേതൃത്വം കൊടുത്ത് സമരം നടത്തണം. അതിനൊക്കെ മിലിറ്റൻസിയുണ്ടായിരുന്ന എത്രയോ സമരങ്ങളുണ്ടായിട്ടുണ്ട്. ഇന്ന് കേരളത്തിൽ അങ്ങനെയില്ല. അതിന്റെ കാരണങ്ങളൊക്കെ ഞാൻ വിശദീകരിക്കുന്നില്ല. അതിന് ഞാനല്ല ഉത്തരവാദി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പല ആനുകൂല്യങ്ങളും ഈ മിനിമം വേജസ് അല്ലാതെ പല ആനുകൂല്യങ്ങളും ഈ ഹോട്ടൽ തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്നുണ്ട്. സംസ്ഥാനത്തെ ഹോട്ടൽ തൊഴിലാളി ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. പിന്നെ രജിസ്ട്രേഷൻ ഇല്ലെന്നൊക്കെ പറയുന്നത് ഫാൾസ് സ്റ്റേറ്റുമെന്റാണ്. എല്ലാ ഹോട്ടലുകൾക്കും രജിസ്ട്രേഷനുണ്ട്. പഞ്ചായത്തിലുണ്ട്, മുനിസിപ്പാലിറ്റിയിലുണ്ട്. രജിസ്ട്രേഷൻ ഉണ്ടെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമില്ല. അതൊക്കെ നടപ്പാക്കിയിട്ടുണ്ട്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഹോട്ടൽതൊഴിലാളികളും ഇതിൽ വരുന്നവരാണ്. ഇതിനുവേണ്ടി തയ്യാറാക്കിയ ഒരു കരട് ബിൽ ഇപ്പോൾ നിയമവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത ബിൽ നിയമമായി നിലവിൽ വരുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ ഹോട്ടൽ തൊഴിലാളികൾക്കും ലഭിക്കുന്നതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ ഈ സ്വകാര്യബില്ലിന് അനുമതി നൽകേണ്ടതില്ലെന്ന് അഭിപ്രായപ്പെടുന്നു.

ശ്രീ. എം. മുരളി : ഷോപ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം ഒരു കരട് ബില്ലുണ്ട്, അത് നിയമവകുപ്പിന്റെ പരിഗണനയിലാണെന്നു പറഞ്ഞു. അതിൽ ഹോട്ടൽതൊഴിലാളികളും വരുമോ?

മി. സ്പീക്കർ : വരുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഹോട്ടൽ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ആ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. തമ്പാനൂർ രവി : കേരളത്തിൽ തൊഴിൽ നിയമങ്ങളുടെ കുറവല്ല, ഉള്ള നിയമങ്ങൾ ഭംഗിയായി നടപ്പിലാക്കുന്ന കാര്യത്തിലുള്ള എൻഫോഴസ്മെന്റ് വിംഗിന്റെ പരാജയമാണുള്ളത്. ലേബർ ഡിപ്പാർട്ടുമെന്റിലെ എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഗവൺമെന്റ് എല്ലാ രംഗത്തും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുന്നു. പക്ഷെ ട്രേഡ് യൂണിയന്റെ സഹകരണം വേണം. ട്രേഡ് യൂണിയനെ സംബന്ധിച്ചിടത്തോളം ട്രേഡ് യൂണിയന്റെ നേതാക്കന്മാരല്ല ഉള്ളത്. അവർ തൊഴിലാളികളുടെ വക്താക്കളായി പ്രവർത്തിക്കുന്നതിന്റെ പോരായ്മ ഈ രംഗത്തുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ ബാലവേലയെ സംബന്ധിച്ചുള്ള ഒരു ഡിസ്കഷൻ നടന്നു. ഐ.എൽ.ഒ.യുടെ ഒരു പ്രോജക്ട് കേരളത്തിന് കിട്ടിയിരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ബാലവേല ചെയ്യുന്ന കുട്ടികളെ റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള ഒരു സ്കീം ഉണ്ടായിരുന്നു. എത് എത്രത്തോളമായിയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം എനിക്കറിയാം. റീഹാബിലിറ്റേഷൻ നടപടി തുടർന്നുവരുന്നു. മറ്റു ജില്ലകളിലെ സ്ഥിതി എനിക്കറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുരളി അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. മുരളി : നിർദ്ദിഷ്ട നിയമത്തിൽ ഹോട്ടൽ തൊഴിലാളികളെകൂടി ഉൾപ്പെടുത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞാൻ ബിൽ പിൻവലിക്കുന്നു. പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 1996-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 20-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

അനുബന്ധം I

17.12.1999 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (* 119) ദയവായി കാണുക.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള യൂണിറ്റുകളിൽ പീഡിത വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ളവ

1. ഓട്ടോകാസ്റ്റ് ലിമിറ്റഡ്
2. ടെൽക്ക്
3. കെൽട്രോൺ പവ്വർ ഡിവൈസസ്
4. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്
5. കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ്
6. കെൽട്രോൺ റെക്ടിഫയേഴ്സ്
7. കെൽട്രോൺ കൗണ്ടേഴ്സ്
8. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്
9. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
10. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ്
11. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
12. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്
13. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് (കേന്ദ്ര പൊതുമേഖല)

LIBRARY ARCHIVES Kerala Legislative Assembly